# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1478 | 11.08.2017-ൽ മറുപടിയ്ക്ക് |
| --- | --- |

**മാലിന്യ സംസ്കരണം**

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ.ബി.സത്യൻ<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.എം.സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ജൈവ അജൈവ മാലിന്യ സംസ്കരണത്തിന്റെ മുഖ്യചുമതലക്കാരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി നേടാനാകാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | മാലിന്യപ്രശ്ന പരിഹാരത്തിനായി സർക്കാരിന്റെ എന്തൊക്കെ ഇടപെടലുകൾ ഉണ്ടാകുമെന്ന് അറിയിക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ ജി.ഒ(എം.എസ്)നം.79/2017/തസ്വഭവ, തീയതി 03.04.2017, ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ, തീയതി 29.03.2017 പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം. 2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് വേണ്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | മാലിന്യ നിർമ്മാർജ്ജനം ജനകീയ പ്രസ്ഥാനമെന്ന രീതിയിൽ | (സി) | ഹരിതകേരളം മിഷനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനകീയ |

| | | | |
|---|---|---|---|
| | പരിണമിപ്പിക്കാൻ നേരിട്ട് ഇടപെടുമോയെന്ന് വ്യക്തമാക്കാമോ; | | പങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുകയെന്ന പൊതു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ തലത്തിലും ഏകോപന സംവിധാനങ്ങളും ഉണ്ടാകും. |
| (ഡി) | ജൈവമാലിന്യങ്ങൾ കഴിവതും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുവാൻ ഓരോ കുടുംബങ്ങളെയും നിർബന്ധിതരാക്കുന്നതിനും പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ? | (ഡി) | ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ